പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 633 — 28.02. 2017 ൽ മറുപടിക്ക്

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് പിരിഞ്ഞുകിട്ടേണ്ട കടിശ്ശിക തുക

ചോദ്യം

ശ്രീ.പി.കെ.ശശി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

(എ)കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ പിരിഞ്ഞുകിട്ടേണ്ട കടിശ്ശിക തുക എത്ര എന്നും 2016 ഡിസംബർ മാസം ഇത് എത്ര എന്നും വ്യക്തമാക്കാമോ;

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുന്നതിനു മുൻപുള്ള 31.03.2016-ൽ അവസാനിക്കുന്ന ത്രൈമാസ കണക്ക പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പിരിഞ്ഞു കിട്ടാനുള്ള കടിശ്ശിക 1796.63 കോടി രൂപയാണ്. 31.12.2016-ൽ അവസാനിക്കുന്ന ത്രൈമാസ കണക്ക പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പിരിഞ്ഞു കിട്ടാനുള്ള കടിശ്ശിക പലിശ കൂടാതെ 2044.78 കോടി രൂപയാണ്.

(ബി)ഇവയിൽ വിവിധ സർക്കാർ വകുപ്പുകൾ, വാട്ടർ അതോറിറ്റി, പൊതുമേഖലാ സ്ഥാപനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ, കേന്ദ്ര സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും, യൂണിവേഴ്സിറ്റികൾ തുടങ്ങിയ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഓരോ വിഭാഗവും 2016 ഡിസംബർ വരെ അടയ്ക്കേണ്ട കടിശ്ശിക തുക എത്ര എന്ന് വ്യക്തമാക്കാമോ;

(ബി) 2016 ഡിസംബർ വരെ അടയ്ക്കേണ്ട കടിശ്ശിക തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സർക്കാർ വകുപ്പുകൾ | 135.50 കോടി രൂപ(ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല) |
| കേരള വാട്ടർ അതോറിറ്റി | 935.56 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല) |
| പൊതുമേഖലാ സ്ഥാപനങ്ങൾ | 241.57 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല) |
| തദ്ദേശഭരണ സ്ഥാപനങ്ങൾ | 5.50 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല) |
| കേന്ദ്ര സർക്കാർ വകുപ്പുകൾ | 0.32 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല) |
| കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ | 41.94 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല) |

| | |
|---|---|
| (സി) സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ,വൻകിട ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, ഫ്ലാറ്റുകൾ, കെട്ടിടസമുച്ചയങ്ങൾ, വൻകിട ,കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയ ഓരോ വിഭാഗം അടയ്ക്കേണ്ട കുടിശ്ശിക തുക എത്ര, വിശദാംശം വ്യക്തമാക്കുമോ; | (സി)<br>ഗാർഹിക ഉപഭോക്താക്കൾ — 69.99 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല)<br>സ്ഥാപനങ്ങൾ, വൻകിട ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, ഫ്ലാറ്റുകൾ, കെട്ടിടസമുച്ചയങ്ങൾ, വൻകിട കച്ചവട സ്ഥാപനങ്ങൾ — 596.48 കോടി രൂപ(ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല) |
| (ഡി)കുടിശ്ശികയിനത്തിൽ എത്ര തുകയുടെ പിരിച്ചെടുക്കലിൽ കോടതികളിൽ കേസ്സുകൾ നിലവിലുണ്ട്; | (ഡി) 366.07 കോടി രൂപയുടെ കുടിശ്ശികയ്ക്ക് കോടതിയിൽ കേസുകൾ നിലവിലുണ്ട്. |
| (ഇ) പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കാനും കഴിഞ്ഞ സർക്കാർ ഈ ഇനത്തിൽ നല്കിയ സ്റ്റേകൾ പിൻവലിക്കാനും കോടതികേസുകൾ യഥാവിധി കൈകാര്യം ചെയ്ത് തീർപ്പുണ്ടാക്കാനും എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ? | (ഇ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും, അദാലത്തുകൾ മുഖേനയും, കോടതിക്കേസുകളിൽ ഉൾപ്പെട്ടുകിടക്കുന്ന തുകകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു. ഇത്തരത്തിൽ തീർപ്പാകാത്ത കേസുകളിൽ കോടതി വ്യവഹാരം ത്വരിതപ്പെടുത്തി തീർപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ